**No. CEE/5354/2018/PGM/2019/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# <u>പത്രക്കുറിപ്പ്</u>
# <u>കേരളത്തിലെ ബിരുദാനന്തര ബിരുദ</u>
# <u>മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സ് പ്രവേശനം–2019</u>
# <u>ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു</u>

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും ലഭ്യമായ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ. ക്വാട്ട ഉൾപ്പെടെ ലഭ്യമായ എല്ലാ സീറ്റുകളിലേക്കും 2019–20 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള സമയം **<u>2019 മാർച്ച് 27 (ബുധനാഴ്ച) വൈകുന്നേരം 5 മണി</u>** വരെയായി ദീർഘിപ്പിച്ചു.

സർവ്വീസ് വിഭാഗം അപേക്ഷകർ അപേക്ഷയുടെ പ്രിന്റൗട്ട് സർവീസ് സംബന്ധമായ രേഖകൾ സഹിതം 27.03.2019 വൈകുന്നേരം 5 മണിയ്ക്കകം ബന്ധപ്പെട്ട വകുപ്പ് മേലധികാരികൾക്ക് സമർപ്പിക്കേണ്ടതും വകുപ്പ് മേലധികാരികൾ അപേക്ഷകരുടെ സർവ്വീസ് വിവരങ്ങൾ കാണിക്കുന്ന ലിസ്റ്റ് അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **30.03.2019** –നകം ലഭ്യമാക്കേണ്ടതുമാണ്.

തിരുവനന്തപുരം
25.03.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**